ഫോമാ 2026–2028 ഭരണസമിതിയുടെ പ്രവർത്തനോദ്ഘാടനം ചിക്കാഗോയിൽ പ്രൗഢഗംഭീരമായി



സ്വപ്നപദ്ധതികൾ സമയബന്ധിതമായി നടപ്പാക്കുമെന്ന് പ്രസിഡണ്ട് ബിജു തോണിക്കടവിൽ



എ. എസ്. ശ്രീകുമാർ

ചിക്കാഗോ: അമേരിക്കൻ മലയാളി സമൂഹത്തിന്റെ സംഘടനാ പ്രവർത്തനങ്ങൾക്ക് പുതിയ ദിശാബോധം പകരാൻ ഫെഡറേഷൻ ഓഫ് മലയാളി അസോസിയേഷൻസ് ഓഫ് അമേരിക്കാസ് (ഫോമാ) 2026-2028 ഭരണസമിതിയുടെ സ്ഥാനാരോഹണവും പ്രവർത്തനോദ്ഘാടനവും ചിക്കാഗോയിൽ പ്രൗഢഗംഭീരമായി നടന്നു. ഒക്ടോബർ 17-ന് ശനിയാഴ്ച ബെൽവുഡിലെ സീറോമലബാർ കത്തീഡ്രൽ പാരിഷ് ഹാളിൽ നടന്ന ചടങ്ങ് ചിക്കാഗോ രൂപതാദ്ധ്യക്ഷൻ മാർ ജോയി ആലപ്പാട്ട് ഉദ്ഘാടനം ചെയ്തു. പ്രശസ്ത മലയാള സിനിമാതാരം സരയൂ മോഹൻ മുഖ്യാതിഥിയായി പങ്കെടുത്തു.

ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഡോ. എം. ആനന്ദ് പ്രകാശ്, സെന്റ് തോമസ് സീറോമലബാർ രൂപതയുടെ വികാരി ജനറാൾ വെരി റവ.ഫാ. തോമസ് കടുകപ്പിള്ളി എന്നിവർ വിശിഷ്ടാതിഥികളായി പങ്കെടുത്തു. ഹൂസ്റ്റണിൽ നടന്ന ഒൻപതാമത് ഫോമാ ഇന്റർനാഷണൽ ഫാമിലി കൺവൻഷനിൽ വൻ ഭൂരിപക്ഷത്തോടെ തെരഞ്ഞെടുക്കപ്പെട്ട പുതിയ ദേശീയ നേതൃത്വത്തിന്റെ പ്രവർത്തനങ്ങൾക്കാണ് ഇതോടെ ഔദ്യോഗിക തുടക്കമായത്.

പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി പ്രസിഡണ്ടായി ബിജു തോണിക്കടവിൽ ചുമതലയേറ്റു. പോൾ പി. ജോസ് ജനറൽ സെക്രട്ടറിയായും പ്രദീപ് നായർ ട്രഷററായും സാമുവൽ മാത്യു വൈസ് പ്രസിഡണ്ടായും ഡോ. മഞ്ജു പിള്ള ജോയിന്റ് സെക്രട്ടറിയായും ജോൺസൺ കണ്ണൂക്കാടൻ ജോയിന്റ് ട്രഷററായും ചുമതലയേറ്റു. ജനറൽ ബോഡിയിൽ ഫോമാ ജുഡീഷ്യറി ചെയർമാൻ ബെന്നി വാച്ചാച്ചിറ പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾക്കും റീജിയണൽ വൈസ് പ്രസിഡണ്ടുമാർ, നാഷണൽ കമ്മിറ്റി അംഗങ്ങൾ ഉൾപ്പെടെയുള്ള ഭാരവാഹികൾക്കും സത്യപ്രതിജ്ഞ ചൊല്ലിക്കൊടുത്തു. സ്ഥാനാരോഹണത്തിനു ശേഷം തുടർന്ന ജനറൽ ബോഡിയിൽ പുതിയ ട്രഷറർ പ്രീ ബജറ്റ് അവതരിപ്പിച്ചു.

സത്യപ്രതിജ്ഞയ്ക്കുശേഷം നടന്ന പൊതുസമ്മേളനത്തിൽ പുതിയ പ്രസിഡണ്ട് ബിജു തോണിക്കടവിൽ അദ്ധ്യക്ഷത വഹിച്ചു. സെക്രട്ടറി പോൾ പി. ജോസ് സ്വാഗതം ആശംസിച്ചു. ഫോമായുടെ ഇരുപതാം വാർഷികത്തോട് അനുബന്ധിച്ച് കേരളത്തിലെ നിർദ്ധന കുടുംബങ്ങൾക്കായി 20 വീടുകൾ നിർമ്മിച്ചു നല്കുന്ന 'ഫോമാ 20-20 ഹൗസിങ് പ്രോജക്ട്', 20 നിർദ്ധന വനിതകളുടെ സമൂഹവിവാഹം എന്നിവ ഉൾപ്പെടെയുള്ള കർമ്മപരിപാടികൾ നിശ്ചിത സമയ പരിധിക്കുള്ളിൽ നടപ്പാക്കുമെന്ന് പ്രസിഡണ്ട് ബിജു തോണിക്കടവിൽ അറിയിച്ചു. സാമൂഹിക പ്രതിബദ്ധതയ്ക്കും ജനക്ഷേമ പ്രവർത്തനങ്ങൾക്കും മുൻഗണന നല്കുന്ന പ്രവർത്തന രീതിയിലൂടെ അമേരിക്കൻ മലയാളി സമൂഹത്തിന്റെ ഐക്യവും സംഘടനയുടെ സേവനമേഖലയും കൂടുതൽ ശക്തിപ്പെടുത്തുകയാണ് പുതിയ ഭരണ സമിതിയുടെ ലക്ഷ്യമെന്നും അദ്ദേഹം വ്യക്തമാക്കി.

വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ നല്കുക, കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക പരിപാടികൾ സംഘടിപ്പിക്കുക, മുതിർന്ന പൗരന്മാരുടെ ക്ഷേമത്തിനായി പ്രതിമാസ ഓൺലൈൻ സംഗമങ്ങൾ നടത്തുക തുടങ്ങിയ പദ്ധതികളും പുതിയ ഭരണസമിതിയുടെ പ്രവർത്തനപദ്ധതിയിലുണ്ട്. 60 വയസ്സിനു മുകളിലുള്ളവർക്കായി യോഗ, വിനോദം, ആരോഗ്യോപദേശം എന്നിവ ഉൾപ്പെടുത്തിയുള്ള പരിപാടികൾ സംഘടിപ്പിക്കുന്നതിലൂടെ അവരുടെ ശാരീരികവും മാനസികവുമായ ക്ഷേമം ഉറപ്പാക്കാനും ലക്ഷ്യമിടുന്നു.

കേരളവും അമേരിക്കയും തമ്മിലുള്ള സംരംഭക-വ്യവസായ ബന്ധങ്ങൾ ശക്തിപ്പെടുത്തുന്നതിനുള്ള 'ബിസിനസ് ബിയോണ്ട് ബോർഡേഴ്സ്' പദ്ധതിക്കും പ്രാധാന്യം നല്കും. സംരംഭകത്വ വികസനത്തിനും പുതിയ അവസരങ്ങൾ സൃഷ്ടിക്കുന്നതിനും സഹായകമായ പ്രവർത്തനങ്ങൾ ഈ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിക്കും. ദേശീയ കൺവൻഷൻ നാല് ദിവസത്തിൽ നിന്ന് അഞ്ചു ദിവസമായി വിപുലീകരിക്കുക, കുട്ടികൾക്കും യുവജനങ്ങൾക്കുമായി പ്രത്യേക ദിനം ഉൾപ്പെടുത്തുക തുടങ്ങിയ നിർദ്ദേശങ്ങളും പുതിയ നേതൃത്വം മുന്നോട്ടു വെച്ചിട്ടുണ്ട്. സാമൂഹിക സേവനം, കുടുംബശാക്തീകരണം, ആരോഗ്യം, മാനസികക്ഷേമം, കലാ-സാംസ്കാരിക പ്രവർത്തനങ്ങൾ എന്നിവയ്ക്കും ഭരണസമിതി പ്രത്യേക പരിഗണന നല്കും.

സമ്മേളനത്തിൽ 2024-2026 കാലഘട്ടത്തിലെ ഫോമാ സുവനീറിന്റെ പ്രകാശനം ചീഫ് എഡിറ്റർ അച്ചൻകുഞ്ഞ് മാത്യു മുഖ്യാതിഥിയായ ഇന്ത്യൻ കോൺസുലേറ്റ് ജനറൽ ഡോ. എം. ആനന്ദ് പ്രകാശിന് നല്കിക്കൊണ്ട് നിർവഹിച്ചു. ഫോമാ 20-20 ഹൗസിങ് പ്രോജക്ടിന്റെ ആദ്യ ചെക്ക് ന്യൂ എംപയർ റീജിയന്റെ മുൻ ആർവിപി പി.ടി. തോമസ് പ്രസിഡണ്ട് ബിജു തോണിക്കടവിലിന് നല്കി. തുടർന്ന് അദ്ദേഹത്തെ ആദരിച്ചു.

ചടങ്ങിൽ സ്ഥാനമൊഴിഞ്ഞ പ്രസിഡണ്ട് ബേബി മണക്കുന്നേലും പുതിയ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങളും സംസാരിച്ചു. പ്രവർത്തനോദ്ഘാടനത്തിനു മുന്നോടിയായി ഒക്ടോബർ 16-ന് വെള്ളിയാഴ്ച വൈകിട്ട് ആറിന് 'ഫോമാ ഇന്നലെ ഇന്ന് നാളെ' എന്ന പേരിൽ സൗഹൃദ സംഗമവും സംഘടിപ്പിച്ചു. ഫോമായുടെ മുൻ പ്രസിഡണ്ടുമാർ, മുൻ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗങ്ങൾ, ദേശീയ നേതാക്കൾ, ഡെലിഗേറ്റുകൾ, പ്രവർത്തകർ, അഭ്യുദയകാംക്ഷികൾ എന്നിവർ പങ്കെടുത്ത സംഗമം സംഘടനയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിനും ഭാവിപരിപാടികളെക്കുറിച്ച് ആശയങ്ങൾ പങ്കുവെക്കുന്നതിനുമുള്ള വേദിയായി.

ഒക്ടോബർ 17-ന് ഉച്ചകഴിഞ്ഞ് നടന്ന ജനറൽ ബോഡിക്കുശേഷം സോഷ്യൽ അവറും സ്ഥാനാരോഹണച്ചടങ്ങും കലാപരിപാടികളും അരങ്ങേറി. ചിക്കാഗോ മണവാളൻസ് അവതരിപ്പിച്ച നൃത്തം, സംഗീതം, ഹാസ്യപരിപാടികൾ, മലയാളം സ്കിറ്റുകൾ എന്നിവ ഉൾപ്പെട്ട കലാവിരുന്ന് ആഘോഷങ്ങൾക്ക് മാറ്റുകൂട്ടി. ഫോമാ സെൻട്രൽ റീജിയന്റെ ഭാരവാഹികളാണ് ഈ പരിപാടികൾ ഗംഭീര വിജയമാക്കിത്തീർത്തത്. ഫോമാ ജോയിന്റ് ട്രഷററും സെൻട്രൽ റീജിയൻ മുൻ വൈസ് പ്രസിഡണ്ടുമായ ജോൺസൺ കണ്ണൂക്കാടൻ, പുതിയ ആർവിപി രഞ്ജൻ അബ്രഹാം, നാഷണൽ കമ്മിറ്റി അംഗങ്ങളായ ജിതേഷ് ചുങ്കത്ത്, പ്രിൻസ് ഈഷൻ, വിമൻസ് ഫോറം റപ് ആഗ്നസ് മാത്യു, യൂത്ത് റപ് കാൾവിൻ കവലയ്ക്കൽ തുടങ്ങിയവരുടെ നേതൃത്വത്തിലായിരുന്നു പരിപാടിയുടെ സംഘാടനം.

ഫോമായുടെ വിവിധ റീജിയനുകളിൽ നിന്നുള്ള ഭാരവാഹികൾ, നാഷണൽ കമ്മിറ്റി അംഗങ്ങൾ, അംഗസംഘടനാ പ്രതിനിധികൾ, കുടുംബാംഗങ്ങൾ, അഭ്യുദയകാംക്ഷികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു. പുതിയ ആശയങ്ങളും ജനക്ഷേമ പദ്ധതികളും സാമൂഹിക പ്രതിബദ്ധതയും മുൻനിർത്തി അമേരിക്കൻ മലയാളി സമൂഹത്തെ കൂടുതൽ ശക്തമായി ഒന്നിപ്പിക്കാനും സംഘടനയുടെ പ്രവർത്തനങ്ങൾ വിപുലീകരിക്കാനുമുള്ള പ്രതിജ്ഞയോടെയാണ് പുതിയ ഭരണസമിതി പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചത്. ജോൺസൺ കണ്ണൂക്കാടൻ നന്ദി പ്രകാശിപ്പിച്ചു.

ഫോട്ടോ: മോനു വർഗീസ്













